No.CEE/1133/5LLB-2021//TA3


**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001


# വിജ്ഞാപനം
## ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽ.എൽ.ബി കോഴ്സിലേയ്ക്കുള്ള പ്രവേശനം – 2021 റാങ്ക് പ്രസിദ്ധീകരിച്ചു

2021-ലെ ഇന്റഗ്രേറ്റഡ് പഞ്ചവത്സര എൽഎൽ.ബി കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിനായി 11.08.2021 ൽ നടന്ന പ്രവേശന പരീക്ഷയുടെ റാങ്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. മേൽ വെബ്സൈറ്റിലെ **'Integrated Five Year LL.B 2021 - Candidate Portal'** എന്ന ലിങ്കിലെ **'Result'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്താൽ വിദ്യാർത്ഥികൾക്ക് അവരവരുടെ റാങ്ക് ദൃശ്യമാകുന്നതാണ്.

പ്രവേശന പരീക്ഷയിൽ കുറഞ്ഞത് 10% മാർക്ക് നേടിയ ജനറൽ/എസ്.ഇ.ബി.സി വിഭാഗക്കാരും, കുറഞ്ഞത് 5% മാർക്ക് നേടിയ എസ്.സി /എസ്.റ്റി വിഭാഗക്കാരും മാത്രമാണ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയിട്ടുള്ളത്. (പ്രോസ്പെക്ടസ് ക്ലോസ് 12(iv)).

കുമാരി. റോൺഷ റോയ്സ് അന്ന **(റോൾ നം. 103472)** പ്രവേശന പരീക്ഷയിൽ **ഒന്നാം റാങ്ക്** കരസ്ഥമാക്കി.

വിവിധ കാരണങ്ങളാൽ പരീക്ഷാ ഫലം തടഞ്ഞുവയ്ക്കപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾ മതിയായ രേഖകൾ **20.09.2021** വൈകിട്ട് **5.00** മണിയ്ക്കകം അപ്‌ലോഡ് ചെയ്യുന്നപക്ഷം റാങ്ക് പോർട്ടലിൽ ലഭ്യമാക്കുന്നതാണ്.

സാമുദായിക സംവരണം/പ്രത്യേക സംവരണം എന്നിവ സംബന്ധിച്ച് പോർട്ടലിൽ മെമ്മോ ലഭ്യമായിട്ടുള്ള വിദ്യാർത്ഥികൾ ആയത് തെളിയിക്കുന്നതിനുള്ള രേഖകൾ മേൽ വെബ്സൈറ്റ് മുഖേന **20.09.2021** വൈകിട്ട് **5.00** മണിയ്ക്കകം അപ്‌ലോഡ് ചെയ്യാത്ത പക്ഷം ആനുകൂല്യം റദ്ദാകുന്നതാണ്.

സംവരണാകൂല്യം പ്രൊഫൈലിൽ അനുവദിക്കുകയും, എന്നാൽ കേരളീയനാണെന്നു തെളിയിക്കുന്ന രേഖകൾ സമർപ്പിക്കാനുള്ള മെമ്മോ പോർട്ടലിൽ ലഭിച്ചതുമായ വിദ്യാർത്ഥികൾ, **20.09.2021** വൈകിട്ട് **5.00** മണിയ്ക്കകം സാധുവായ രേഖകൾ സമർപ്പിക്കാത്ത പക്ഷം അനുവദിച്ച സംവരണം റദ്ദാകുന്നതാണ്.

**ഹെൽപ് ലൈൻ നം.** 0471 2525300

തിരുവനന്തപുരം
17.09.2021

**പ്രവേശന പരീക്ഷാ കമ്മീഷണർ**